**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1307** **14-03-2022 - ൽ മറുപടിയ്ക്ക്**

**സ്കൂൾ വിദ്യാർത്ഥികളുടെ ഉച്ചഭക്ഷണപദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ | | null<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | വിദ്യാർത്ഥികൾക്ക് നൽകി വരുന്ന ഉച്ചഭക്ഷണപദ്ധതിയുടെ മാനദണ്ഡങ്ങൾ പുതുക്കി ഉത്തരവ് ഇറക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (എ) | ഉച്ചഭക്ഷണ പദ്ധതിയിൻകീഴിൽ സപ്ലിമെന്ററി ന്യൂട്രീഷ്യൻ പരിപാടിയുടെ ഭാഗമായി വിദ്യാർത്ഥികൾക്ക് ആഴ്ചയിൽ രണ്ട് ദിവസം നൽകി വന്നിരുന്ന പാൽ കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ സ്കൂളുകൾ പൂർണ്ണതോതിൽ പ്രവർത്തന മാരംഭിക്കുന്നതുവരെ ഒരു ദിവസം മാത്രമാക്കി താൽക്കാലികമായി പുന: ക്രമീകരിച്ചുകൊണ്ട് 13/12/2021-ൽ സർക്കാർ ഉത്തരവിറക്കിയിട്ടുണ്ട്. |
| (ബി) | നിലവിൽ ഒരു വിദ്യാർത്ഥിക്ക് എത്ര രൂപ നിരക്കിലാണ് ഉച്ച ഭക്ഷണത്തിന് തുക അനുവദിക്കുന്നതെന്ന് അറിയിക്കാമോ; ഈ നിരക്കുകൾ അവസാനമായി പുനർനിർണ്ണയിച്ചത് ഏത് വർഷത്തിലാണ്; നിലവിലെ നിരക്കുകൾ പര്യാപ്തമാണോ; നിരക്ക് വർദ്ധിപ്പിക്കുന്നതിനു നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (ബി) | ഉച്ചഭക്ഷണ പദ്ധതിയിൽ പേര് ചേർത്തിട്ടുള്ള കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ സ്കൂളുകൾക്ക് അനുവദിക്കുന്ന പാചക ചെലവ് തുകയുടെ നിരക്കുകൾ താഴെ രേഖപ്പെട്ടു ത്തിയിരിക്കുന്നു. 150 കുട്ടികൾ വരെ - കുട്ടിയൊന്നിന് (പ്രതിദിനം) 8 രൂപ 151 മുതൽ 500 വരെ - 150 കുട്ടികൾക്ക് 8 രൂപ വീതവും 150 മുതൽ 500 വരെയുള്ള കുട്ടികൾക്ക് 7 രൂപ വീതവും 500 ന് മുകളിൽ - 150 കുട്ടികൾക്ക് 8 രൂപ വീതവും 150 മുതൽ 500 വരെയുള്ള കുട്ടികൾക്ക് 7 രൂപ വീതവും 501 കുട്ടികൾക്ക് മുകളിൽ 6 രൂപ വീതവും നൽകി വരുന്നു. 2016-ലാണ് പ്രസ്തുത നിരക്കുകൾ അവസാനമായി സർക്കാർ പുന:നിർണ്ണയിച്ചിട്ടുള്ളത്. നിലവിലെ നിരക്കുകൾ പര്യാപ്തമല്ലെന്ന് ചൂണ്ടിക്കാട്ടി വിവിധ അദ്ധ്യാപക സംഘടനകളും ചില സ്കൂൾ ഉച്ചഭക്ഷണ കമ്മിറ്റികളും നിവേദനങ്ങൾ സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചു വരുന്നു. |
| (സി) | സ്കൂളുകൾക്ക് ഉച്ചഭക്ഷണത്തിന് നൽകി വരുന്ന തുക കുടിശ്ശികയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കുടിശ്ശിക തീർക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉച്ചഭക്ഷണം നൽകിയ വകയിൽ അധികമായി ചെലവു വന്ന തുക സ്കൂളുകൾക്ക് | (സി) | സ്കൂളുകൾക്ക് ഉച്ചഭക്ഷണ പദ്ധതിയുടെ ഭാഗമായി അനുവദിച്ചു വരുന്ന പാചക ചെലവിനായുള്ള തുക കുടിശ്ശിക യുള്ളതായോ ഉച്ചഭക്ഷണം നൽകിയ വകയിൽ സ്കൂളുകൾക്ക് അധികം ചെലവ് |

| | | | |
|---|---|---|---|
| | നൽകുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ; | | ഉണ്ടായിട്ടുള്ളതായോ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | ഉച്ചഭക്ഷണപദ്ധതി കമ്മ്യൂണിറ്റി കിച്ചൺ മാതൃകയിൽ നടത്തുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (ഡി) | ഇപ്പോൾ പരിഗണനയിലില്ല. |
| (ഇ) | 2012-ന് ശേഷം ആരംഭിച്ച, പി.ടി.എ. നടത്തുന്ന പ്രീ പ്രൈമറി സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് പോഷകാഹാരം നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കാമോ; പാൽ, മുട്ട എന്നിവ വിതരണം ചെയ്യുന്നതിന് പ്രത്യേക ഫണ്ട് അനുവദിക്കുമോ? | (ഇ) | നിലവിൽ സർക്കാർ എയ്ഡഡ് സ്കൂളുകളോടനുബന്ധിച്ച് സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പ്രീ-പ്രൈമറി സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് പോഷകാഹാരം നൽകുന്നതിനായി അവരെ 'സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയിൻ' കീഴിൽ ഉൾപ്പെടുത്തുന്ന കാര്യം സർക്കാർ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ